(ബി) നന്മ സ്റ്റോറുകൾ എല്ലാംതന്നെ ഈ സർക്കാരിന്റെ കാലത്താണ് ആരംഭിച്ചിട്ടുള്ളത്.

(സി) പ്രസ്തുത സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നുവെന്നത് പരിശോധിക്കാറുണ്ട്.

കോഴിക്കോട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ

104 (3258) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുവെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത ജില്ലയിൽ രജിസ്റ്റർ ചെയ്ത സംഘങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സംഘങ്ങളിൽ ഇനിയും പ്രവർത്തനം ആരംഭിക്കാത്തവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ 77 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഈ സർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ ഇതുവരെ 210 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത സംഘങ്ങൾ എല്ലാംതന്നെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ ജീവനക്കാരുടെ ശമ്പളം

105 (3259) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനിലെ മാനേജിംഗ് ഡയറക്ടർ, ബിസിനസ്സ് മാനേജർ എന്നിവർക്കുള്ള ശമ്പളം സംസ്ഥാന സഹകരണ വകുപ്പ് നോൺ പ്ലാൻ പൊഡിൽ ഉൾപ്പെടുത്തി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

നൽകുന്നതുപോലെ ഈ സ്ഥാപനത്തിലെ മറ്റു ജീവനക്കാർക്കും ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നോൺ പ്ലാൻ ഹെഡിൽ നിന്ന് നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഹെഡറേഷനിൽ സഹകരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷനിൽ സേവനം അനുഷ്ഠിക്കുന്ന മാനേജിംഗ് ഡയറക്ടർ, ബിസിനസ്സ് മാനേജർ, തൃശ്ശൂർ ആയുർധാരാ മാനേജർ എന്നിവർക്കുള്ള ശമ്പളം സംസ്ഥാന സഹകരണ വകുപ്പ് പ്ലാൻ ഹെഡിൽനിന്നുമാണ് നല്കുന്നത്. ഹെഡറേഷനിലെ മറ്റു ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നോൺ പ്ലാൻ ഹെഡിൽ തുക വകയിരുത്തുന്നതിന് നിലവിൽ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

വായ്പയുമായി ബന്ധപ്പെട്ട സഹായങ്ങൾ

106 (3260) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ദേവസ്വവും ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പ എഴുതി തള്ളുന്ന പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) വായ്പക്കാരൻ മരണപ്പെട്ടാൽ വായ്പയുമായി ബന്ധപ്പെട്ട് എന്തൊക്കെ സഹായങ്ങളാണ് നൽകാൻ കഴിയുക എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്ന് വായ്പ എടുത്ത വായ്പക്കാരൻ മരണപ്പെട്ടാൽ അവരെ വായ്പാബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നതിനായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 1-4-2008 മുതൽ നടപ്പിലാക്കി വരുന്നു.

(ബി) സർവ്വീസ് സഹകരണ ബാങ്കുകൾ ഉൾപ്പെടെ വിവിധ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്കു വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും ഉൾപ്പെടുന്ന ബാദ്ധ്യതയിൽനിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നടപ്പാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്ന വായ്പയുടെ പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവ സംഘം പൊതുയോഗത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly